മാത്രമേ ഈ ഫാക്ടറിക്ക് പൈനാപ്പിൾ ശേഖരിക്കാൻ കഴിയു. ഇന്റർനാഷണൽ മാർക്കറ്റിൽ ഒരു ടൺ പഴ സത്തിന് 1700 ഡോളർ വിലയുണ്ടായിരുന്നു. ഇപ്പോൾ അത് 700 ഡോളറായി കുറഞ്ഞു. ഇതാണ് സ്ഥിതി. അവിടത്തെ പഴ സത്ത് ഇന്റർനാഷണൽ മാർക്കറ്റിലാണ് വിറ്റഴിക്കേണ്ടത്. അതിന്റെ വിലയുമായിട്ടു ബന്ധപ്പെട്ടല്ലാതെ ഈ ഫാക്ടറിക്ക് പൈനാപ്പിൾ വാങ്ങാൻ കഴിയില്ല. എന്നാൽ ഇപ്പോൾ പൈനാപ്പിൾ വാങ്ങിയിരുന്നു. ഒരു കിലോ പൈനാപ്പിളിന് ഒരു രൂപ വരെ വില വന്ന അവസരത്തിൽ ഈ ഫാക്ടറി 2 രൂപ 50 പൈസ മുതൽ 3 രൂപ വരെ കൊടുത്ത് കർഷകരിൽ നിന്നും പൈനാപ്പിൾ ശേഖരിച്ചിരുന്നു. ഇപ്പോൾ അവിടെ ഏകദേശം 8 രൂപ മുതൽ 9 രൂപ വരെ ഒരു കിലോ പൈനാപ്പിളിനു വിലയുണ്ട്.

ഈ വിലയുള്ളപ്പോൾ ഫാക്ടറിക്ക് പൈനാപ്പിൾ കൊടുക്കില്ല. ഇനി ഇതിനേക്കാൾ പൈനാപ്പിളിന്റെ വില കുറഞ്ഞു വരുന്ന സാഹചര്യത്തിൽ തീർച്ചയായിട്ടും ആ ഫാക്ടറിയിൽ പൈനാപ്പിൾ ശേഖരിക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

(13) വടകര - മാഹി കനാലിന്റെ പണി ത്വരിതപ്പെടുത്തൽ

ശ്രീ. സി.കെ. നാണു : സർ, മലബാർ ഭാഗത്തുള്ള ജലപാതയുടെ ഭാഗമാണ് മാഹി കനാൽ. വർഷങ്ങൾക്ക്മുമ്പ് നൂറു കണക്കിനു ഏക്കർ ഭൂമി യെടുത്ത് കനാലിന്റെ പണി ആരംഭിച്ചതാണ്. പക്ഷെ മാഹി കനാൽ കൊണ്ട് എന്താണ് ഉദ്ദേശിച്ചത്. അത് ഇതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ഞാൻ ഈ നിയമസഭയിൽ വന്നതിനുശേഷം വടകര, ബേപ്പൂർ, കൊയിലാണ്ടി തുടങ്ങിയ നിയോജക മണ്ഡലങ്ങളിലൂടെയൊക്കെ കടന്നുപോകുന്ന ഈ കനാലിന്റെ പണി തീർക്കാത്തതിനെ സംബന്ധിച്ച് സബ്മിഷനായും പല രൂപത്തിലും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ മാഹി കനാലിന്റെ പണി മുഴുമിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ സന്നദ്ധമായി എന്നു ഞാൻ മനസ്സിലാക്കുന്നു. പക്ഷെ മാഹി കനാലിന്റെ പണി മുഴുമിപ്പിക്കുന്നതിനാവശ്യമായ, ഫലപ്രദമായ നടപടികൾ ഇവിടെ നടന്നു കാണുന്നില്ല. പരിസരത്തുള്ള കൃഷിക്കാർക്ക് കൃഷി ചെയ്യാവുന്ന ആയിരക്കണക്കിനു ഏക്കർ ഭൂമി ഈ ആവശ്യത്തിനുവേണ്ടി സർക്കാർ ഏറ്റെടുക്കുകയുണ്ടായി. എന്നിട്ട് അത് ഉപയോഗപ്പെടുത്താതിരിക്കുകയാണ്. സ്വാഭാവികമായി അവിടെയുള്ള ജനങ്ങൾക്ക് പ്രത്യേകിച്ച് ഇതിന്റെ സമീപത്തുള്ള കൃഷിക്കാർക്ക് അതിൽ അമർഷമുണ്ട്. അതുകൊണ്ട് ഇതു പരിഹരിക്കാൻ, മാഹി കനാലിന്റെ പണി മുഴുമിപ്പിക്കുന്ന നടപടി സത്വരമായി ഗവൺമെന്റ് ആരംഭിക്കണമെന്നും നടപ്പിലാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി രാമകൃഷ്ണപിള്ള) : സർ, വടകര-മാഹി കനാലിന്റെ പുനരുദ്ധാരണത്തിന് 1,692 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പുതുക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ 1999 നവംബർ മാസത്തിൽ എത്തിച്ചുകൊടുത്തിട്ടുണ്ട്. 19.3 കി.മീ. നീളമുള്ള ഈ കനാലിന്റെ പുനരുദ്ധാരണത്തിനായി 1965 ൽ കേന്ദ്രാനുമതി ലഭിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പണി നിർത്തിവയ്ക്കുകയാണുണ്ടായത്. അതിനുശേഷം 1997 ൽ 1,095 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ചില സംശയങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ അവരുടെ നിർദ്ദേശപ്രകാരം വീണ്ടും ഒരു പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് 1999 ജനുവരി മാസത്തിൽ അംഗീകാരത്തിനു അയച്ചു കൊടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടിൻമേലും കൂടുതൽ സംശയങ്ങളും വിശദീകരണങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് : ഏറ്റവുമൊടുവിൽ 1999ലെ ഷെഡ്യൂൽഡ് റേറ്റ് പ്രകാരം തയ്യാറാക്കിയ 1,692 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് നവംബർ മാസത്തിൽ കേന്ദ്ര സർക്കാരിനു അയച്ചു കൊടുത്തിട്ടുണ്ട്. ഇതിനു എത്രയുംവേഗം അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തിവരികയാണ്. 1999 - നവംബർ മാസം നടത്തിയ എം.പിമാരുടെ സമ്മേളനത്തിലും ഈ കാര്യം അവരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ഇനിയും കൂടുതൽ സമ്മർദ്ദം ചെലുത്തി കേന്ദ്രഗവൺമെന്റിൽ നിന്ന് ഇതിനു അനുവാദം വാങ്ങുന്നതാണ്.

V. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, കാര്യോപദേശസമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VI. റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ : ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രായോഗികമായ ഒരു മാറ്റത്തിന്റെ കാര്യം എന്നോടു സൂചിപ്പിച്ചിരുന്നു. ഇന്നലെത്തന്നെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഒരു ദിവസത്തെ ബിസിനസ് മാറ്റി മറ്റൊരു ദിവസത്തേക്ക് വയ്ക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. ഇന്നലെ അതു സംബന്ധിച്ച് ഒന്നു രണ്ടു നിർദ്ദേശങ്ങൾ ആലോചിച്ചു.അതിൽ ഏറ്റവും പ്രാക്ടിക്കലായിട്ട് വന്നത് 23-ാം തീയതി വച്ചിരിക്കുന്ന 1999 ലെ കേരളാ സഹകരണ സംഘം (ഭേദഗതി) ബില്ലിന്റെ വകുപ്പു തിരിച്ചുള്ള ചർച്ച 21-ാം തീയതിയിലേക്കും 21-ാം തീയതിയിലെ ഉപധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച 23-ാം തീയതിയിലേക്കും മാറ്റാമെന്നുള്ളതാണ്. ബില്ലിന്റെ ചർച്ച മൂന്നു ദിവസമുണ്ട്. ആരംഭിക്കുന്നത് 20-ാം തീയതിയാണ്. മൂന്നു ദിവസം പൂർണ്ണമായും സഹകരണ ബില്ലിനുവേണ്ടി മാറ്റിവയ്ക്കുകയാണ്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 20,22,23 എന്നുള്ളത് മാറ്റി 20,21,22 എന്നീ തീയതികളിലാക്കുക, ധനകാര്യ വകുപ്പു മന്ത്രിയുമായിട്ടുള്ള കാര്യമേയുള്ളു. അത് സേഫാണ്. ഒരു പ്രശ്നവുമില്ല. ആ രൂപത്തിൽ ഈ ഭേദഗതിയോടുകൂടി സഭ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്. ആ രൂപത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യാവുന്നതാണ്.

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി.എം.ജേക്കബ് : സർ, കേരള ഹൈവേ പ്രൊട്ടക്ഷൻ ബിൽ നാളെ ചർച്ചക്കു വരികയാണ്. അമെന്റ്മെന്റ് കൊടുക്കുന്നതിനെ സംബന്ധിച്ച് ബുള്ളറ്റിൻ വരാനുള്ള സമയമെടുക്കും. ചെയർ ഇന്നു പറഞ്ഞാൽ സഭയ്ക്കു തീരുമാനിക്കാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly